# കേരളത്തിലെ ജൈവവൈവിധ്യ സംരക്ഷണം
# തന്ത്രങ്ങളും കർമ്മപദ്ധതികളും



കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
തിരുവനന്തപുരം




*ജൈവവൈവിധ്യസംരക്ഷണവും*
*സുസ്ഥിര വിനിയോഗവും*
*മനുഷ്യനന്മയ്ക്ക്*

# തന്ത്രങ്ങളും കർമ്മപദ്ധതിയും

## ജൈവവൈവിധ്യ സംരക്ഷണം

### I. പൊതുകാര്യങ്ങൾ

**തന്ത്രം 1: ജൈവവൈവിധ്യശോഷണം കുറയ്ക്കുന്നതിന് സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിരക്ഷിക്കുക.**

കർമ്മപദ്ധതി

1.1 കേരളത്തിന്റെ പ്രകൃതി ഇനിയും നാശോന്മുഖമാകുന്നത് തടയുന്നതിന് സമഗ്രമായ ഒരു ഭൂവിനിയോഗ നിയമം നടപ്പാക്കി ജൈവവൈവിധ്യത്തെ സംരക്ഷിക്കുക.

### II. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ജൈവവൈവിധ്യം

**തന്ത്രം 2: ജൈവവൈവിധ്യം, അവയുടെ പരമ്പരാഗത ഉപയോഗം എന്നിവയുടെ ഡോക്യുമെന്റേഷൻ.**

കർമ്മപദ്ധതി

2.1 എല്ലാപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജൈവവൈവിധ്യ ആക്ട് പ്രകാരം രൂപീകൃതമാകുന്ന ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ (BMC) മേൽനോട്ടത്തിൽ ഓരോ പ്രദേശത്തേയും എല്ലാ ജൈവജാതികളുടെയും പേര്, അവയുടെ പരമ്പരാഗത ഉപയോഗം എന്നിവ ഉൾപ്പെടുത്തിയുള്ള ജനകീയ ജൈവവൈവിധ്യരജിസ്റ്റർ അതതു പ്രദേശത്തെ സ്ക്കൂൾ കോളേജ് വിദ്യാർത്ഥികൾ, സ്വയം സഹായ സംഘങ്ങൾ, പ്രാദേശിക സമൂഹം, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ തയ്യാറാക്കുക.

2.2 പരിസ്ഥിതിക്ക് കോട്ടം തട്ടാതെ തദ്ദേശീയർക്ക് സ്ഥായിയായ വരുമാനവർധനവിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന ജൈവവൈവിധ്യ ഘടകങ്ങൾ കണ്ടെത്തുക.

2.3 ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷണ പ്രവർത്തനത്തിന് ഏറ്റെടുക്കാൻ കഴിയുന്ന ഒരു ഭൂഘടകം കണ്ടെത്തുക [ ഉദാ: കാവ്, നീർത്തടം, അപൂർവ്വ ഇനങ്ങളുള്ള ഒരു പ്രദേശം, കൊറ്റിയില്ലം (heronary)]



2.4 ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതാത് പ്രദേശത്തേയ്ക്ക് ജൈവവൈവിധ്യ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക.

## III. വനവും വന്യജീവികളും

### തന്ത്രം 3: സംരക്ഷിത മേഖലയ്ക്കു പുറത്തുള്ള ജൈവവൈവിധ്യ സമൃദ്ധമായ പ്രദേശങ്ങളുടെ സംരക്ഷണം.

കർമ്മപദ്ധതി

3.1 സംരക്ഷിത വനത്തിനുപുറത്തെ ജൈവസമ്പന്നമായ പ്രദേശങ്ങൾ കണ്ടെത്തി സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണനനൽകുകയും ക്രമേണ അതിർത്തി പുനർ നിർണയിച്ച് യോഗ്യത അനുസരിച്ച് സംരക്ഷിതമേഖലയുടെ പരിധിയിലാക്കുകയോ പ്രത്യേക സംരക്ഷിത മേഖല/ പൈതൃക പ്രദേശമായി പ്രഖ്യാപിക്കുകയോ ചെയ്യുക. വൈൽഡ് ലൈഫ് ഇൻസ്റ്റിട്യൂട്ട് ഓഫ് ഇന്ത്യ, സലിം അലി സെന്റർ ഫോർ ഓർണിത്തോളജി ആന്റ് നാചുറൽ ഹിസ്റ്ററി, ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഇതു സംബന്ധമായ ശുപാർശകൾ ഇക്കാര്യത്തിൽ പരിഗണിക്കുന്നതാണ്.

3.2 പുഴയോര കാടുകളുടെ ജൈവവൈവിധ്യം, അവയുടെ തനിമ എന്നിവയെക്കുറിച്ച് പഠിക്കുക, സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക.

### തന്ത്രം 4: സംസ്ഥാനത്തെ വനജൈവവൈവിധ്യത്തെക്കുറിച്ച് സമഗ്രമായ വിവരശേഖരം തയ്യാറാക്കുക.

കർമ്മപദ്ധതി

4.1 ജൈവവൈവിധ്യം അതിന്റെ പ്രവർത്തനഘടകങ്ങൾ എന്നിവയെ കുറിച്ചുള്ള അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുന്നതിന് പ്രാദേശിക ഗവേഷണ സ്ഥാപനങ്ങൾ, കോളേജുകൾ, സർവ്വകലാശാലകൾ എന്നിവയെ പങ്കെടുപ്പിച്ച് സംരക്ഷിത മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

4.2 വന ആവാസവ്യവസ്ഥയിലുള്ള അപൂർവ്വവും വംശനാശം വന്നതും നാശ ഭീഷണി നേരിടുന്നതുമായ (RET) ജീവജാലങ്ങളുടെ ഇപ്പോഴത്തെ നില, വ്യാപനമേഖല എന്നിവ വിലയിരുത്തുന്നതിന് വിപുലമായ സർവ്വേ നടത്തുകയും സംരക്ഷണത്തിന് സാധ്യതയുള്ള ആവാസകേന്ദ്രങ്ങൾ കണ്ടെത്തുകയും ചെയ്യുക.

4.3 അടിയന്തിര പ്രാധാന്യത്തോടെ സംരക്ഷിക്കേണ്ട കീസ്റ്റോൺ (keystone), അംബ്റെല്ല (umbrella), ദേശ്യജാതി ഇനങ്ങളെ കണ്ടെ ത്തുക.

4.4 സംസ്ഥാനത്തെ ഓരോ സൂക്ഷ്മ, സ്ഥൂലതല ആവാസ വ്യവസ്ഥയേയും തിരിച്ചറിയുന്നതിനുള്ള ജൈവജാതികളെ കണ്ടെത്തുകയും ആവാസ വ്യവസ്ഥയേയും അതിലുണ്ടാകുന്ന മാറ്റങ്ങളേയും നിരീക്ഷിക്കുന്നതിനുള്ള സൂചകങ്ങൾ കണ്ടെത്തുകയും ചെയ്യുക.

4.5 ജൈവവൈവിധ്യത്തിൽ ആഗോള താപനവും കാലാവസ്ഥ മാറ്റവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ പഠിക്കുന്നതിനുള്ള പുതിയ ഗവേഷണ പരിപാടികൾ ആരംഭിക്കുക.

4.6 വിവിധ ജൈവജാതി ഗ്രൂപ്പുകളെക്കുറിച്ച് അംഗീകൃത വർഗ്ഗീകരണ വിദഗ്ധരുടെ നേതൃത്വത്തിൽ വർഗ്ഗീകരണ ഗവേഷണം.

### തന്ത്രം 5: ആവാസ വ്യവസ്ഥ, ജൈവജാതികൾ, ജീൻ പൂൾസ്

കർമ്മപദ്ധതി

5.1 നാശത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും ദോഷ ഫലങ്ങൾ ഇല്ലാതാക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക.





5.2 സംരക്ഷണ നടപടികൾ ആവശ്യമുള്ള വന്യ ജീവികളെയും സസ്യങ്ങളേയും കണ്ടെത്തുക.

5.3 സൂക്ഷ്മ, സ്ഥൂല അകശേരുകികളെ (invertebrates)യും അവയുടെ വാസകേന്ദ്രങ്ങളേയും കണ്ടെത്തുക;

5.4 വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇനങ്ങളുടേയും അവയുടെ സ്വാഭാവിക വാസകേന്ദ്രങ്ങളുടേയും സംരക്ഷണത്തിനുള്ള നടപടിക്രമങ്ങൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കുക.

5.5 വംശനാശ ഭീഷണി നേരിടുന്ന ഇനങ്ങൾ പുനഃസ്ഥാപിക്കുക.

5.6 അപൂർവ്വവും നാശോന്മുഖവും നാശഭീഷണി നേരിടുന്നതുമായ ഇനങ്ങളുടെ ആന്തരിക (insitu) സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ബൊട്ടാണിക്കൽ, സുവോളജിക്കൽ ഗാർഡനുകൾ, സീഡ് ബാങ്കുകൾ, ക്രയോ പ്രിസർവേഷൻ, വൃക്ഷോദ്യാനങ്ങൾ തുടങ്ങി അനുയോജ്യമായ രീതികൾ പ്രയോജനപ്പെടുത്തുക.

5.7 വർഗ്ഗീകരണ ശാസ്ത്രജ്ഞന്മാർ നടത്തുന്ന ഗവേഷണങ്ങളെ തടസ്സപ്പെടുത്താതെ മേഖലാതല മുൻഗണനയോടെ RET (വിരളവും വംശനാശഭീഷണിയിലായിരിക്കുന്നതുമായ) ഇനങ്ങൾ ശേഖരിക്കുന്നതിന് വ്യവസ്ഥകൾ രൂപപ്പെടുത്തുക.

5.8 സംസ്ഥാനത്തെ ആന്തരിക ശേഖരണവും സംരക്ഷണ കേന്ദ്രങ്ങളും സംബന്ധിച്ച വിവരശേഖരം രൂപപ്പെടുത്തുക.

5.9 2002 ലെ വന്യജീവി സംരക്ഷണ ഭേദഗതി ആക്ടിൽ പറഞ്ഞിരിക്കുന്ന ഇനങ്ങളുടെ സുരക്ഷിതാവസ്ഥയെ അടിസ്ഥാനമാക്കി 1961 ലെ കേരളാ ഫോറസ്റ്റ് ആക്ടിന് ഒരു ഷെഡ്യൂൾ രൂപകല്പനചെയ്ത് നിയമപരമായ നടപടികൾക്ക് രൂപം നൽകുക.

5.10 സാമ്പത്തികമായി പ്രാധാന്യമുള്ള ജൈവജാതികളുടെ ജനിതക വ്യതിയാനങ്ങൾ അടിസ്ഥാനമാക്കി ജീൻപൂൾസ് കണ്ടെത്തുക.

5.11 ഉന്നത ചോലവനങ്ങൾ, ചതുപ്പുനിലങ്ങൾ, പ്രത്യേകഇനം ജീവികളുടെ വാസകേന്ദ്രങ്ങൾ എന്നിങ്ങനെ അപൂർവ്വമായ ആവാസ വ്യവസ്ഥകളുടെ പ്രത്യേക ഭൂപടം തയാറാക്കി സംരക്ഷണത്തിനു വേണ്ട പ്രത്യേക പദ്ധതികൾ തയ്യാറാക്കുക.

5.12 സംരക്ഷിത മേഖലകളുടെ ചുറ്റുമുള്ള ബഫർസോണുകൾ കണ്ടെത്തി വ്യവസ്ഥാപിതമാക്കുക.

5.13 ജനപങ്കാളിത്തത്തോടെ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.

5.14 വർഷംതോറുമുള്ള കാട്ടുതീ തടയുന്നതിന് കാര്യക്ഷമമായി സംവിധാനം ഏർപ്പെടുത്തുക.

5.15 കുടിയേറിയ വിദേശ ജൈവജാതിയിൽ (Invasive Alien Species) പെട്ടവയുടെ വ്യാപനം പ്രതിരോധിക്കുന്നതിന് കാര്യക്ഷമമായ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

5.16 വനങ്ങളിൽ നടന്നുവരുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമുള്ള കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

**തന്ത്രം 6: വാസ സ്ഥാനങ്ങളുടെ ശിഥിലീകരണം തടയുകയും അവയുടെ നൈരന്തര്യം ഉറപ്പു വരുത്തുകയും ചെയ്യുക.**

**കർമ്മപരിപാടി**

6.1 ഉപഗ്രഹസർവ്വേ, ജി.ഐ.എസ് വിവരശേഖരം, നേരിട്ടുള്ള പഠനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ നിലവിലുള്ള വനവിഭാഗങ്ങളുടെ ഭൂപടം തയ്യാറാക്കുക.

6.2 നിലവിലുള്ളതും സാധ്യതയുള്ളതുമായ വന്യജീവി ഇടനാഴികൾ (wildlife corridors), അതിലോലമായ ജീവിസങ്കേതങ്ങൾ

എന്നിവ തയ്യാറാക്കി ഡോക്യുമെന്റ് ചെയ്ത് അവയുടെ പാരിസ്ഥിതികമായ അവസ്ഥ വിലയിരുത്തുക, അവയെ ഇക്കോസെൻസിറ്റീവ് സോൺസ് ആയി പ്രഖ്യാപിച്ച് ഹാനികരമായ പ്രവർത്തനങ്ങൾ തടയുക.

6.3 വന്യജീവി ഇടനാഴികളുടെ പരിപാലനത്തിനുവേണ്ടി പങ്കാളിത്തവനപരിപാലനരീതിയിൽ വ്യക്തമായ ഒരു കർമപരിപാടി തയ്യാറാക്കുക.

6.4 എല്ലാത്തരം കൈയേറ്റങ്ങളും തടയുന്നതിന് ജൈവവൈവിധ്യ പരിപാലനകമ്മിറ്റികളുടെ മാർഗനിർദ്ദേശ പ്രകാരം വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക.

6.5 നാശോന്മുഖമായ വനപ്രദേശങ്ങൾ കണ്ടെത്തി കാട്ടുതീ തടഞ്ഞും കന്നുകാലി മേച്ചിൽ ഒഴിവാക്കിയും ഓരോ പ്രദേശത്തിനും അനുയോജ്യമായ നാടൻ ഇനങ്ങൾ വച്ചുപിടിപ്പിച്ചും സ്വാഭാവികമായ പുനരുജ്ജീവനത്തിന് അവയെ സജ്ജമാക്കുക.

6.6 വികസനപദ്ധതികൾ മൂലമുണ്ടാകുന്ന ദോഷഫലങ്ങൾ ഒഴിവാക്കുന്നതിനും ജൈവവൈവിധ്യത്തെ സമ്പുഷ്ടമാക്കുന്നതിനും ഓരോ വികസനപദ്ധതിയിലും ജൈവവൈവിധ്യത്തിന്റെ വിലയിരുത്തൽ അനുപേക്ഷണീയ ഘടകമാക്കുക.

6.7 ചോല വനങ്ങൾ, ചതുപ്പുകൾ, നദിയോര വനങ്ങൾ തുടങ്ങിയ അതിവിശിഷ്ട ആവാസകേന്ദ്രങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് സൂക്ഷ്മതല കർമ പരിപാടികൾ തയ്യാറാക്കുക.

തന്ത്രം 7: മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘാതം പരിഹരിക്കൽ

കർമ്മപരിപാടി

7.1 അറിയപ്പെടുന്ന വന്യജീവി ഇടനാഴികളിൽ കെട്ടിടനിർമാണങ്ങളും വികസന പ്രവർത്തനങ്ങളും നിരോധിക്കുക.

7.2 വന്യജീവി ആവാസകേന്ദ്രങ്ങളിൽ മനുഷ്യന്റെ അതിക്രമം നിയന്ത്രിക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുക.

7.3 ഇക്കോടൂറിസം അടക്കമുള്ള മനുഷ്യ ഇടപെടലുകളിൽ നിന്ന് കാടിന്റെ കാതലായ പ്രദേശങ്ങളെ സംരക്ഷിക്കുക.

7.4 കന്നുകാലികളുടെ മേച്ചിലിൽ നിന്ന് കാടിനെ രക്ഷിക്കാൻ സ്റ്റാൾ-ഫീഡിംഗ് പ്രോത്സാഹിപ്പിക്കുക.

7.5 ഗ്രാമങ്ങളിൽ തീറ്റപ്പുൽ ഉല്പാദനവും വിറക് മരങ്ങൾ നട്ടുപിടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കുക.

## ജൈവവൈവിധ്യത്തിന്റെ സുസ്ഥിര വിനിയോഗം

തന്ത്രം 8: പാവപ്പെട്ടവരുടെ ജീവനോപാധികൾ, ഗുണഫലങ്ങളുടെ സമതുലിത വിതരണം എന്നിവ ഉറപ്പാക്കികൊണ്ട് പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര വിനിയോഗം സാദ്ധ്യമാക്കുന്നതിന് ഒരു മാതൃക രൂപപ്പെടുത്തുക.

കർമ്മപരിപാടി

8.1 ആവാസ വ്യവസ്ഥകളിന്മേലുള്ള ആഘാതങ്ങൾ കുറയ്ക്കുന്നതിന് വനമേഖലയ്ക്ക് ചുറ്റും താമസിക്കുന്നവരുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്ന



തിനും വനത്തോട് ചേർന്നുള്ള സ്ഥലങ്ങളിൽ ഔഷധസസ്യങ്ങളും തടിയിതര വനഉല്പന്നങ്ങളും കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകുക.

8.2 പ്രദേശിക ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംരക്ഷിതമേഖലയോട് ചേർന്ന് ഇക്കോ ഡവലെപ്മെന്റ് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുക.

8.3 അതിവ്യാപകമായി ചൂഷണം ചെയ്യപ്പെട്ട ഇനങ്ങളുടെ ലഭ്യതയെകുറിച്ച് കിട്ടാവുന്നത്ര വിവരങ്ങൾ ശേഖരിച്ച് സമാഹരിക്കുക.

8.4 ജൈവസമ്പത്തിലുണ്ടാകുന്ന പുരോഗതി നിരീക്ഷിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളും വികസിപ്പിച്ചെടുക്കുക.

8.5 പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര ഉപയോഗവും പ്രകൃതി സൗഹൃദ സമീപനവും ഉറപ്പുവരുത്തുന്നതിന് പങ്കാളിത്ത തീരുമാനപ്രക്രിയ ശക്തിപ്പെടുത്തുകയും അടിത്തട്ടിൽ ശേഷി വികസനപരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

8.6 ജൈവവൈവിധ്യത്തിന്റെ പരമ്പാരഗത സുസ്ഥിര ഉപയോഗ രീതികൾ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക സമൂഹങ്ങൾക്ക് അവരുടെ പ്രയത്നത്തിനനുസൃതമായ ഗുണങ്ങൾ ഉറപ്പുവരുത്തുക.

8.7 നാശോന്മുഖമായി തീർന്ന പ്രദേശങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും പ്രാദേശിക സമൂഹത്തിന്റെ നിത്യവൃത്തിക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യുക.

8.8 വനവിഭവങ്ങളെ ആശ്രയിച്ച് കഴിയുന്നവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി വിവരങ്ങൾ വിലയിരുത്തുക.

8.9 വനവിഭവങ്ങളുടെ നിലവിലുള്ള ഉപഭോഗം, ശേഖരണ രീതി, അതുമൂലമുള്ള പ്രത്യാഘാതങ്ങൾ എന്നിവ പങ്കാളിത്ത രീതിയിൽ വിലയിരുത്തുക.

8.10 തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരത വിലയിരുത്തുകയും വിഭവ ഉപയോഗത്തിന് ആവശ്യമായ സ്ഥലം വേർതിരിക്കുകയും ചെയ്യുക.

8.11 ഔഷധ സസ്യങ്ങളുടെ സംരക്ഷണമാതൃകയിൽ തടിയിതര വനഉല്പന്നങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പ്രദേശങ്ങൾ നിശ്ചയിക്കുക.

8.12 വനത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവർക്ക് ബദൽ ജീവനോപാധികൾക്കുള്ള മാർഗങ്ങൾ ഏർപ്പെടുത്തുക.

8.13 വനങ്ങളുടെ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിന് വനം, മൃഗസംരക്ഷണം, കൃഷി, ആദിവാസി, ടൂറിസം, ഊർജ്ജം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

8.14 വിവിധ ഗവൺമെന്റ് വകുപ്പുകൾ, പൊതു-സ്വകാര്യ സ്ഥാപനങ്ങൾ, ദേശീയ അന്തർദേശീയ വ്യവസായ സ്ഥാപനങ്ങൾ, കൺസ്ട്രക്ഷൻ കോർപ്പറേഷനു



കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടന കൾ, എന്നിവ നടപ്പാക്കുന്ന ഏത് പുതിയ വികസനപദ്ധതിക ളുടെ നടത്തിപ്പിലും അനുവർത്തിക്കേണ്ട ജൈവവൈവിധ്യ പെരുമാറ്റ സംഹിതയ്ക്ക് രൂപം കൊടുക്കുകയും അതിനെ നിയമ വിധേയമാക്കുകയും ചെയ്യുക.

8.15 വിറകുല്പാദനത്തിന് സംരക്ഷിത മേഖലയ്ക്ക് പുറത്തും പൊതു സ്ഥലങ്ങളിലും വേഗത്തിൽ വളരുന്ന നാടൻ മരങ്ങൾ വച്ചു പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

8.16 സൗരോർജ്ജം, ജൈവവാതകം, എന്നിവ പ്രോത്സാഹിപ്പി ക്കുക വഴി ബദൽ ഇന്ധന ഉപയോഗം വ്യാപിപ്പിക്കുക.

8.17 ജൈവവിഭവങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള സംഭ രണം ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയുടെ സഹായത്തോടെ നിയന്ത്രിക്കുക.



തന്ത്രം 9: അമിത ചൂഷണവും വനം കൈയേറ്റവും തടയൽ

കർമ്മപദ്ധതി

9.1 അനധികൃത വേട്ടയാടലും വ്യാപാരങ്ങളും തടയുന്നതിന് മറ്റ് വകുപ്പുകളുടെ എൻഫോഴ്സ്മെന്റ് ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുക.

9.2 പങ്കാളിത്തസമീപനത്തോടെ വനസംരക്ഷണത്തിനും പരിര ക്ഷയ്ക്കും തയ്യാറായി മുന്നോട്ടു വരുന്ന കുറ്റവാളികളെ പുനര ധിവസിപ്പിക്കുക.

9.3 വനപ്രദേശങ്ങളിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്ന തിന് പോലീസ് വകുപ്പിന്റെ മാതൃകയിൽ വനം വകുപ്പിന്റെ നിലവിലുള്ള ഇന്റലിജൻസ് വിങ്ങിന്റെ പ്രവർത്തനം ശക്തിപ്പെ ടുത്തുക.

9.4 സംരക്ഷിത മേഖലകളിൽ അമിത ചൂഷണം കുറയ്ക്കുന്നതിന് അവയ്ക്ക് ചുറ്റും കൺസർവേഷൻ റിസർവ്വുകൾ സൃഷ്ടിക്കു ക.

9.5 അതിർത്തികൾ കൃത്യമായി വേർതിരിച്ച് കുടിയൊഴിപ്പിക്കലിന് സമയബന്ധിതമായ പദ്ധതി ആവിഷ്കരിച്ച് വനം കൈയേറ്റം കാര്യക്ഷമമായി തടയുക. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വനം റവന്യൂ വകുപ്പുകൾ തുടങ്ങിയവയുമായി നിരന്തരമായ ഏകോ പനം ഉറപ്പുവരുത്തുക.

9.6 പുഴകളിൽ നിന്നും മറ്റിടങ്ങളിൽ നിന്നും അനിയന്ത്രിതമായി മണൽ വാരുന്നതും, മലയിടിച്ച് നശിപ്പിക്കുന്നതും കർശന മായി തടയുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സംയോജിതമായ നീക്കത്തിലൂടെ നിയമ നടപടികൾ സ്വീകരി ക്കുക.

തന്ത്രം 10: തദ്ദേശീയമായ ഭക്ഷ്യ വിഭവങ്ങൾക്കും ഔഷധങ്ങൾക്കു മുള്ള അസംസ്കൃത വസ്തുക്കളുടെ സുസ്ഥിര ലഭ്യത ഉറപ്പുവരു ത്തൽ

കർമ്മപദ്ധതി

10.1 ഇന്ത്യൻ വൈദ്യസമ്പ്രദായവും ഗോത്രവർഗ്ഗ ഔഷധ നിർമ്മാണ രീതികളുമനുസരിച്ച് ഓരോ വർഷവും ആവശ്യ മായ അസംസ്കൃത വസ്തുക്കളുടെ പ്രതിവർഷ ആവശ്യകത യും അത് ശേഖരിക്കുന്ന രീതിയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

10.2 അസംസ്കൃത ഔഷധവസ്തുകളുടെ വിഭവസ്രോതസുകളു ടേയും അവയിൽ അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരി ക്കുന്ന അപൂർവ്വ ഇനങ്ങളുടേയും പട്ടിക തയ്യാറാക്കുക.

10.3 വൻതോതിൽ ഔഷധസസ്യങ്ങൾ ശേഖരിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഇക്കോ ഡെവലപ്പ്

പ്രാധാന്യം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് സംസ്ഥാനത്തെ നീർത്തട സംരക്ഷണ ശൃംഖല രൂപവൽക്കരിക്കുന്നതിനും വനംവന്യജീവി സംരക്ഷണത്തിനുള്ള പ്രൊട്ടക്ട്ഡ് ഏരിയാനെറ്റ് വർക്കിനും വേദിയൊരുക്കുക.

12.4 നീർത്തട സംരക്ഷണത്തിനുള്ള കർമ്മപദ്ധതിക്ക് നിയമസംരക്ഷണം നൽകുന്നതിന് സമഗ്രമായ സംസ്ഥാന നീർത്തട സംരക്ഷണ സുസ്ഥിര ഉപഭോഗ കർമ്മപദ്ധതിക്കും (State Wetland Conservation and Sustainable Use Action Plan) സംസ്ഥാന നീർത്തട സംരക്ഷണ സുസ്ഥിര ഉപഭോഗ നിയമത്തിനും (State Wetland Conservation and Sustainable Use Act) രൂപം നൽകുക.

12.5 നീർത്തടനിയമം നിലവിൽവരുന്നതുവരെ ഭൂവിനിയോഗ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നിലിവിലുള്ള കണ്ടൽക്കാടുകളെയും മറ്റ് പ്രധാനപ്പെട്ട നീർത്തടങ്ങളെയും വന്യജീവിസംരക്ഷണ (ഭേദഗതി) നിയമം 2002 ന്റെ പരിധിയിൽ ഉൾപ്പെടുത്തുക.

12.6 നീർത്തട സംരക്ഷണം വ്യാപകമാക്കുന്നതിനുള്ള ബഹുജന ബോധവൽക്കരണപരിപാടികൾ നടത്തുന്നതിനുള്ള ഇൻഫർമേഷൻ മെറ്റീരിയൽസ് തയ്യാറാക്കുക.

**തന്ത്രം 13: നീർത്തടങ്ങളെ മറ്റൊരു രൂപത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്നത് തടയുക, അവയുടെ വിസ്തൃതിയും പാരിസ്ഥിതിക സ്ഥിതിയും നില നിർത്തുക.**

കർമ്മപദ്ധതി

13.1 നീർത്തടങ്ങളെ മറ്റേതെങ്കിലും രൂപത്തിൽ പരിവർത്തനം ചെയ്യുന്നതും നീർത്തടത്തിന് 100 മീറ്ററിനുള്ളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതും നിരോധിക്കുന്നതിന് നിർദ്ദിഷ്ട നീർത്തട നിയമത്തിൽ വ്യവസ്ഥ ചെയ്യുക.

13.2 നീർത്തടത്തിൽ വ്യക്തികളോ സ്ഥാപനങ്ങളോ വ്യവസായശാലകളോ തദ്ദേശ ഭരണ സ്ഥാപനങ്ങളോ പാഴ്വസ്തുക്കൾ കൊണ്ടുതള്ളുന്നത് ജാമ്യമനുവദിക്കാത്ത കുറ്റമായും ജയിൽശിക്ഷ അർഹിക്കുന്ന അപരാധമായും വ്യവസ്ഥചെയ്യുക.

13.3 ഇത്തരം കുറ്റ കൃത്യങ്ങൾ ചെയ്യുന്നവരെ പിടികൂടുന്നതിന് വ്യവസ്ഥാപിത അധികാരങ്ങളോടുകൂടിയ ഒരു ലോക്കൽ എംപവേർഡ് കമ്മിറ്റിക്ക് നീർത്തട നിയമത്തിൽ വ്യവസ്ഥചെയ്യുക.

13.4 സ്കൂൾ, കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അതിനുചുറ്റുമുള്ള നീർത്തടങ്ങളുടെ ജൈവവൈവിധ്യവും ജലത്തിന്റെ ഗുണനിലവാരവും പ്രാദേശിക സങ്കേതിക സഹായസംഘങ്ങളുടെ സഹകരണത്തോടെ നിരീക്ഷിക്കുന്നതിന് ചുമതലപ്പെടുത്തുക.



മെന്റ് കമ്മിറ്റികൾ വനസംരക്ഷണസമിതികൾ തുടങ്ങിയ സംഘടനകളെ ഉൾപ്പെടുത്തി പങ്കാളിത്ത രീതിയിൽ വിലയിരുത്തുക.

10.4 ഔഷധ നിർമ്മാണ യൂണിറ്റുകൾ അവർക്ക് പ്രതിവർഷം ആവശ്യമായി വരുന്ന അസംസ്കൃത വസ്തുകളുടെ അളവ് പരസ്യപ്പെടുത്തുന്നത് നിർബന്ധമാക്കുക.

10.5 പാഴ്ഭൂമികൾ, വീട്ടുവളപ്പുകൾ, സർക്കാർ ഭൂമികൾ, വനം, തോട്ടങ്ങൾ, എന്നിവിടങ്ങളിൽ ആയുർവേദ സ്ഥാപനങ്ങളുടേയും തദ്ദേശ സഹകരണ സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ, കർഷകർ എന്നിവരുടേയും പങ്കാളിത്തത്തോടെ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുക.

10.6 അസംസ്കൃത ഔഷധ സസ്യങ്ങളുടെ ശാസ്ത്രനാമങ്ങളും അവയുടെ സസ്യരാസ സ്വഭാവങ്ങളും കൃത്യമായി കണ്ടെത്തി രേഖപ്പെടുത്തുക.

10.7 ഔഷധ സസ്യങ്ങളുടെയും വന്യ ഭക്ഷ്യ വസ്തുക്കളുടേയും (സസ്യങ്ങളും, മൃഗങ്ങളും) സംരക്ഷണം, പരിരക്ഷ, പ്രചാരണം എന്നിവ ഉറപ്പുവരുത്തുക.

## IV. തോട്ടങ്ങൾക്കുള്ളിലെ ജൈവവൈവിധ്യം

**തന്ത്രം 11: തോട്ടങ്ങൾക്കുള്ളിലും ചുറ്റിലുമുള്ള ജൈവവൈവിധ്യവും പരിപോഷണവും.**

കർമ്മപദ്ധതി

11.1 നിലവിലുള്ള തോട്ടങ്ങളിലും സമീപ പ്രദേശങ്ങളിലും ഭൂവിനിയോഗത്തിലെ പരിവർത്തനം തടയുക.

11.2 തോട്ടങ്ങളോടു ചേർന്നുള്ള സ്ഥലങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണത്തിനു വേണ്ടിയുള്ള ഇടനാഴികൾ കണ്ടെത്തുകയും ഏറ്റെടുക്കുകയും ചെയ്യുക.

11.3 നശിച്ചു പോയ തോട്ടങ്ങളെ തദ്ദേശീയ ഇനങ്ങൾ വെച്ചുപിടിപ്പിച്ച് പുനരുദ്ധരിക്കുക.



## V. നീർത്തട ആവാസ വ്യവസ്ഥകളുടെ (കുളങ്ങൾ, കിണറുകൾ, തടാകങ്ങൾ, ജലസംഭരണികൾ, നീർച്ചാലുകൾ, പുഴകൾ, കണ്ടൽക്കാടുകൾ, അഴിമുഖങ്ങൾ, കായലുകൾ) സംരക്ഷണം

**തന്ത്രം 12: സംസ്ഥാനത്തെ തെരഞ്ഞെടുത്ത നീർത്തടങ്ങളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള സംരക്ഷണം ഉറപ്പുവരുത്തുക.**

കർമ്മപദ്ധതി

12.1 കേരളത്തിലെ നീർത്തട വിഭവങ്ങളെകുറിച്ച് ജി.ഐ.എസ് റിമോട്ട് സെൻസിംഗ് വിവരങ്ങളെ ആധാരമാക്കിയും സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്വയം സഹായ സംഘങ്ങൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തത്തോടെയും വ്യക്തവും കൃത്യവുമായ വിവരസമാഹാരം തയ്യാറാക്കുക.

12.2 ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും നഗരസഭയിലും അതത് പ്രദേശത്തെ കുളങ്ങൾ, കിണറുകൾ, തടാകങ്ങൾ, ജലസംഭരണികൾ, നീർച്ചാലുകൾ, പുഴകൾ, കണ്ടൽക്കാടുകൾ, അഴിമുഖങ്ങൾ, കായലുകൾ എന്നിവയുടെ ശരിയായ കണക്കുകളും അവയിലെ ജൈവവൈവിധ്യം, സാമ്പത്തിക പ്രയോജനം, പാരമ്പര്യ ഉപയോഗം എന്നിവയും ഉൾപ്പെടുത്തി ഓരോ നീർത്തട രജിസ്റ്റർ തയ്യാറാക്കുക.

12.3 നീർത്തടങ്ങളെ അവയുടെ ജൈവവൈവിധ്യമൂല്യം, സാമ്പത്തിക പ്രയോജനങ്ങൾ, പ്രാദേശിക-ദേശീയ അന്തർദേശീയ



### സുസ്ഥിര ഉപയോഗം

**തന്ത്രം 14: നീർത്തട വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം പ്രാദേശിക സമൂഹത്തിന്റെ നേട്ടങ്ങൾക്ക്.**

കർമ്മപദ്ധതി

14.1 ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും തെരഞ്ഞെടുത്ത നീർത്തടങ്ങളിൽ തദ്ദേശീയരുടെ സാമ്പത്തിക നേട്ടം, ജലത്തിന്റെയും ജൈവവൈവിധ്യത്തിന്റേയും സംരക്ഷണം, എന്നിവ കണക്കിലെടുത്ത് നീർത്തട സംരക്ഷണത്തിനുള്ള മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക. റാംസർ കേന്ദ്രങ്ങൾക്ക് മുൻഗണന നൽകണം.

14.2 സംരക്ഷിത മേഖലയ്ക്കുള്ളിലോ നിർദ്ദിഷ്ട നീർത്തട സംരക്ഷണ മേഖലാ ശൃംഖലയ്ക്കുള്ളിലോ ഉൾപ്പെടുന്നതാണെങ്കിൽപ്പോലും നീർത്തടങ്ങളുടെ പാരമ്പര്യ ഉപയോഗങ്ങളെ പ്രോത്സാഹിപ്പിക്കുക.

14.3 നീർത്തടത്തിനുള്ളിലും സമീപ പ്രദേശങ്ങളിലും സാമ്പത്തിക നേട്ടം നൽകുന്ന തദ്ദേശീയ ജൈവജാതികളുടെ കൃഷി പ്രോത്സാഹിപ്പിക്കുക. (ഉദാ: മീൻവളർത്തൽ, ഔഷധ സസ്യ കൃഷി)

14.4 നാശോന്മുഖമായതോ അടുത്തകാലത്ത് അപ്രത്യക്ഷമായതോ ആയ നീർത്തടങ്ങളെ, വിശേഷിച്ചും കണ്ടൽകാടുകളെ, തദ്ദേശീയമായ കണ്ടൽച്ചെടികൾ വച്ചു പിടിപ്പിച്ച് പുനരുദ്ധരിക്കുക.

**തന്ത്രം 15: ഓരോ നദീതടത്തിലും പാരിസ്ഥിതിക നിലവാരം ഉറപ്പു വരുത്തുക.**

കർമ്മപദ്ധതി

15.1 നദികളുടെ പ്രാരംഭ പ്രദേശത്തും താഴെയുമുള്ള ജനങ്ങൾക്ക് ഒരുപോലെ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുക.

**തന്ത്രം 16: നീർത്തട വിഭവങ്ങളുടെ സംരക്ഷണത്തിനും സ്ഥായിയായ ഉപഭോഗത്തിനും വേണ്ടി നിയമപരവും ഭരണപരവുമായ വ്യവസ്ഥ സൃഷ്ടിക്കുക.**

കർമ്മപദ്ധതി

16.1 നിർദ്ദിഷ്ട നീർത്തട കർമ്മപദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിയമപരമായ അധികാരങ്ങളോടെ നിർദ്ദിഷ്ട നീർത്തട ആക്ട് പ്രകാരം ഒരു സംസ്ഥാന നീർത്തട അതോറിറ്റിക്ക് രൂപം നല്കുക. ഈ അതോറിറ്റിയിൽ വിവിധ വിഭാഗം സ്റ്റേക് ഹോൾഡർമാരുടെ പ്രതിനിധികൾ ഉണ്ടായിരിക്കും. അനേകം സ്റ്റേക് ഹോൾഡർമാർ ഉൾപ്പെട്ട ഇത്തരം അതിപ്രധാനമായ ഒരു വിഭവം പരിപാലിക്കുന്നതിന് ഒരു പ്രതിനിധിയുടെ പങ്കാളിത്തം അപര്യാപ്തമായിരിക്കും.

16.2 ഓരോജില്ലയിലും പഞ്ചായത്തിലും പദ്ധതിയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് നീർത്തട ആക്ട് പ്രകാരം സംസ്ഥാനഅതോറിറ്റിയുടെ കീഴിൽ ജില്ലാ നീർത്തട അതോറിറ്റികൾക്കും പഞ്ചായത്ത് തലത്തിൽ ലോക്കൽ എംപവേഡ് കമ്മിറ്റികൾക്കും രൂപം നല്കുക.

16.3 ഹരിത വിപ്ലവം നടപ്പാക്കിയ ആവേശത്തോടെ ജലവും ഭക്ഷ്യസംരക്ഷണവും മുൻനിർത്തിയുള്ള ഒരു വിപ്ലവത്തിന് തുടക്കം കുറിക്കുക.

**തന്ത്രം 17: ജലീയ ജൈവവൈവിധ്യത്തെക്കുറിച്ചുള്ള വിവരശേഖരണം.**

കർമ്മപദ്ധതി

17.1 മോർഫോമെട്രിക്, മോളിക്യുളാർ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മത്സ്യങ്ങൾ, മറ്റുജലജീവികൾ തുടങ്ങിയവയിൽ ചില വിഭാഗങ്ങളുടെ വർഗ്ഗീകരണത്തിൽ നിലവിലുള്ള ആശയക്കുഴപ്പങ്ങൾ പരിഹരിക്കുക.

17.2 ശുദ്ധജല മത്സ്യ ഇനങ്ങളുടെ ചിത്രങ്ങളും തിരിച്ചറിയൽ 'കീ' (identification key) യും കഴിയുമെങ്കിൽ ഡി.എൻ.എ. ബാർകോഡും സഹിതം ഒരു 'കൺസോളിഡേറ്റഡ്' അറ്റ്ലസ് തയ്യാറാക്കുക.

17.3 ജൈവവൈവിധ്യ സമൃദ്ധമായ ജലീയ ആവാസവ്യവസ്ഥകൾ കണ്ടെത്തി അവയെ ജല സങ്കേതങ്ങൾ (aquatic sanctuaries) ആയോ കമ്യൂണിറ്റി റിസർവ് ആയോ– ഓരോന്നിന്റെയും യോഗ്യതയനുസരിച്ച്- പ്രഖ്യാപിക്കുക.

17.4 അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ ഇനങ്ങളുടെയും വന്യ അലങ്കാര മത്സ്യങ്ങളുടെയും ശേഖരണം, കച്ചവടം എന്നിവ നിയന്ത്രിക്കുന്നതിന് നയം രൂപീകരിക്കുക.

## VI. തീരദേശ, സമുദ്ര ജൈവവൈവിധ്യം

**തന്ത്രം 18: കേരളത്തിലെ തീരദേശ, സമുദ്ര ജൈവവൈവിധ്യം ഡോക്യുമെന്റ് ചെയ്യുക.**

**കർമ്മപദ്ധതി**

18.1 കേരളത്തിലെ തീരദേശ, സമുദ്ര ജൈവവൈവിധ്യത്തിന്റെ ഒരു ഡാറ്റാബേസ് തയ്യാറാക്കുക.

18.2 വർഗീകരണ വിദഗ്ദ്ധർ ലഭ്യമല്ലാത്ത വിഭാഗങ്ങളിൽ ( ഉദാ: എക്കിനോഡേർമുകൾ, സെഫലോപോഡുകൾ) യുവ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും (സംഘമായി) വർഗീകരണത്തിൽ പരിശീലനം നൽകുക.

18.3 അകശേരുകികളായ സമുദ്ര ജീവികളെ തിരിച്ചറിയുന്നതിനുള്ള ഫീൽഡ് ഗൈഡുകളും തിരിച്ചറിയൽ 'കീ'യും തയ്യാറാക്കുക.

18.4 മത്സ്യബന്ധന സാമഗ്രികളിൽ യാദൃശ്ചികമായി പിടിക്കപ്പെടുന്ന സമുദ്ര ജീവികളുടെ (bycatch) എണ്ണവും വൈവിധ്യവും തിട്ടപ്പെടുത്തി അതിന്റെ അളവ് കുറയ്ക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കുക.

18.5 സംസ്ഥാനത്തെ മത്സ്യസമ്പത്തിന്റെ പരിപാലനത്തിനായി ഒരു ആവാസ വ്യവസ്ഥാസമീപനം (ecosystem approch) വികസിപ്പിച്ചെടുക്കുക.

18.6 കേരളത്തിന്റെ കടലോരത്തു കാണുന്ന മണൽ കൂന (പടന്ന)കളെ സംരക്ഷിക്കുക, ഓരോ പ്രദേശത്തെയും തീരദേശ സസ്യജാലങ്ങളെ ഡോക്യുമെന്റ് ചെയ്യുക.

18.7 തീരദേശ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യത്തെയും അവയുടെ സംരക്ഷണത്തിന്റെ ആവശ്യകതയെയും കുറിച്ച് ബോധവൽക്കരണം നടത്തുക.

## VII. കാർഷിക ജൈവവൈവിധ്യവും വളർത്തുമൃഗങ്ങളുടെ ജൈവവൈവിധ്യവും

**തന്ത്രം 19: കാർഷിക ജൈവവൈവിധ്യം, വളർത്തുമൃഗങ്ങളുടെ ജൈവവൈവിധ്യം എന്നിവയെക്കുറിച്ച് ഒരു ഡാറ്റാബേസ് വികസിപ്പിച്ചെടുക്കുക.**

**കർമ്മപദ്ധതി**

19.1 പരമ്പരാഗത കാർഷിക വിളകളുടെയും വളർത്തുമൃഗങ്ങളുടെയും വൈവിധ്യം. അവയിൽ നഷ്ടപ്പെട്ടവയുടെ വിശദമായ വിവരങ്ങൾ. ഇപ്പോഴത്തെ അവസ്ഥ, ലഭ്യതാസ്രോതസ്സുകൾ എന്നിവയെക്കുറിച്ച് വിശദമായ കണക്കെടുപ്പ് നടത്തുക.

19.2 ഓരോ കാർഷിക-പാരിസ്ഥിതിക മേഖലയിലെയും കാർഷിക ജൈവവൈവിധ്യത്തെ, വിശേഷിച്ചും നെല്പാട ആവാസ വ്യവസ്ഥയെകുറിച്ച് വിശദമായ ഇനവിവര പട്ടിക തയ്യാറാക്കുക.

19.3 സംസ്ഥാനത്തിന്റെ പാരമ്പര്യ കൃഷി രീതികളിലും കന്നുകാലി വളർത്തലിലും വൈദേശിക ഇനങ്ങളുടെ ആവിർഭാവം മൂലമുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ ഉൾപ്പെടെയുള്ള പുതിയ സ്ഥിതിവിവര കണക്കുകൾ ക്രോഡീകരിക്കുന്നതിന് ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.

19.4 നിലവിലുള്ള പദ്ധതികളുമായി സംയോജിപ്പിച്ച് സംസ്ഥാനത്തിന്റെ കാർഷിക ആസൂത്രണത്തിൽ ഒരു കാർഷിക ആവാസ വ്യവസ്ഥാ സമീപനം വികസിപ്പിച്ചെടുക്കുക, നിലവിലുള്ള മേഖലാ കാർഷിക ഗവേഷണനിലയങ്ങൾ കാർഷിക ജൈവവൈവിധ്യ സംരക്ഷണ ഗവേഷണ കേന്ദ്രങ്ങളായി വികസിപ്പിക്കുക.

തന്ത്രം 20: തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണവും അവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും പ്രോത്സാഹിപ്പിക്കുക.

കർമ്മപദ്ധതി

20.1 നാടൻ കാർഷിക വിളകളെ കൃഷിയിടങ്ങളിൽ നിലനിർത്തിക്കൊണ്ട് ആന്തരിക സംരക്ഷണം (ex situ conservation) പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് സഹായം ലഭ്യമാക്കുക.

20.2 തദ്ദേശീയ കാർഷിക ജൈവവൈവിധ്യവും വളർത്തുമൃഗവൈവിധ്യവും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

20.3 പരമ്പരാഗത കൃഷിവിളകൾ ജൈവവളം ഉപയോഗിച്ച് കൃഷിചെയ്യുന്നതിന് കർഷകർക്ക് കാര്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

20.4 കാർഷിക ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് സ്ഥാപനങ്ങൾ നടത്തുന്ന പരിശ്രമങ്ങളേയും പരിപാടികളെയും, പ്രത്യേകിച്ച് മൾട്ടിലൊക്കേഷണൽ ജേം പ്ലാസം ബാങ്കുകൾ പോലുള്ള സംരംഭങ്ങളെ, പ്രോത്സാഹിപ്പിക്കുക.

20.5 വേണ്ട രീതിയിൽ ഉപയോഗിക്കാതിരിക്കുന്ന പരമ്പരാഗത വിളകളുടേയും ജൈവജാതികളുടേയും ശേഖരണം, സ്വഭാവ നിർണ്ണയം, ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുക.

20.6 പരമ്പരാഗത ഇനങ്ങളുടെ മൂല്യ വർദ്ധിത ഉല്പാദനപ്രക്രിയ വഴി മാർക്കറ്റിൽ അവയുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി അത്യുല്പാദനശേഷിയുള്ള ഇനങ്ങളുടെയും പ്രദേശിക ഇനങ്ങളുടെയും ഉപയോഗത്തിലുള്ള സന്തുലിതാവസ്ഥ കൈവരിക്കുന്നതിനും പ്രോത്സാഹനം നൽകുക.

20.7 പരമാവധി പത്ത് വർഷത്തിനുള്ളിൽ കാർഷിക വൃത്തിയിൽ നിന്നും രാസവളങ്ങളെ ഒഴിവാക്കുക, ജൈവ കാർഷികവിളകൾക്ക് സർട്ടിഫിക്കേഷൻ ഏർപ്പെടുത്തുക തുടങ്ങിയവ ഉൾക്കൊള്ളിച്ചു കൊണ്ട് സംസ്ഥാനസർക്കാർ ജൈവകാർഷിക നയത്തിന് രൂപം നൽകേണ്ടതാണ്.

20.8 മണ്ണിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് മണ്ണിനടിയിലെ (below-ground) വൈവിധ്യവും മണ്ണിലെ ജീവജാലങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുക.

20.9 പ്രാദേശിക ഇനം സസ്യങ്ങളുടെ ജേം പ്ലാസ (germ plasm) വും വളർത്തു മൃഗങ്ങളുടെ വൈവിധ്യവും സംരക്ഷിക്കുക.

20.10 തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ വിത്തുല്പാദനവും സംരക്ഷണവും ശക്തിപ്പെടുത്തുന്നതിന് വിത്തു വില്ലേജുകൾ (seed villages) സ്ഥാപിക്കുക.

20.11 കൃഷിക്കാരന്റെ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പരമ്പരാഗത കൃഷിവിളകൾ, കാലിവളർത്തൽ, മത്സ്യഉല്പാദനം തുടങ്ങിയവ സംയോജിപ്പിച്ചുള്ള സമീകൃത കൃഷിരീതി പ്രോത്സാഹിപ്പിക്കുക.

20.12 പാരമ്പര്യഗണത്തിൽപ്പെട്ട കന്നുകാലികൾ, ആട്, പന്നി, കോഴി, തുടങ്ങിയവയുടെ പരിപാലനം പ്രോത്സാഹിപ്പിക്കുക.

20.13 സംസ്ഥാനത്തെ വളർത്തുമൃഗ വൈവിധ്യം പ്രോത്സാഹിപ്പിക്കുന്നതിന് അവയെ ഇനം തിരിച്ച് രജിസ്റ്റർ ചെയ്യുന്ന പദ്ധതി ആവിഷ്കരിക്കുക.

20.14 വിവിധ ഘടകങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, സുസ്ഥിര മാനേജ്മെന്റ്, മികച്ച സംരക്ഷണ സംവിധാനം എന്നീ നിലകളിൽ വീട്ടുവളപ്പിലെ കൃഷിയു



ണിറ്റുകളുടെ നേട്ടങ്ങളേയും പ്രയോജനങ്ങളേയും കുറിച്ച് ആഴത്തിലുള്ള പഠനം നടത്തുക.

20.15 പ്രാദേശിക കാർഷിക ജൈവവൈവിധ്യ ഘടകങ്ങളെ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി (NREGP), പശ്ചിമഘട്ട വികസനപരിപാടി (WGDP) തുടങ്ങിയ സർക്കാർ ആവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിക്കുക.

20.16 തദ്ദേശീയമായ അപൂർവ്വ ഇനം സസ്യവിത്തുകളുടെയും നാടൻ വളർത്തുമൃഗങ്ങളുടെയും ലഭ്യത ഉറപ്പു വരുത്തുക.

തന്ത്രം 21: ജനിതക പരിവർത്തനം നടത്തിയ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷിചെയ്യുന്നത് തടഞ്ഞ് അത് നമ്മുടെ ജൈവവൈവിധ്യത്തിലുണ്ടാക്കുന്ന മലിനീകരണത്തെ പ്രതിരോധിക്കുക.

കർമ്മപദ്ധതി

21.1 സ്വാഭാവിക കൃഷിവിളകളെ ഉന്മൂലനം ചെയ്യുന്ന ജി. എം. ഒ. കൾ ഉപയോഗിച്ച് പാടങ്ങളിലും പറമ്പുകളിലും നടത്തിവരുന്ന എല്ലാ കൃഷി പരീക്ഷണങ്ങളും നിർത്തലാക്കുക.

21.2 അയൽ സംസ്ഥാനങ്ങളിൽ നിന്നും മേഖലകളിൽ നിന്നും അനധികൃതമായോ യാദൃച്ഛികമായോ ജി.എം.ഒ കൾ കടന്നു കയറുന്നത് തടയാൻ നടപടികൾ കൈക്കൊള്ളുക.

21.3 നമ്മുടെ സമ്പന്നമായ കാർഷിക ജൈവവൈവിധ്യത്തെ നശിപ്പിക്കുന്ന ജി. എം.ഒ. കളുടെ അധിനിവേശം തടയുക.

21.4 സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ ജി.എം.ഒ. യുമായി ബന്ധപ്പെട്ടു നടക്കുന്ന ഗവേഷണ, പരീക്ഷണങ്ങളുടെ ഒരു സ്ഥിതിവിവര കണക്ക് തയ്യാറാക്കുക.

21.5 ജനിതക എഞ്ചിനീയറിംഗും ജി.എം.ഒ. കളും നമ്മുടെ ജൈവവൈവിധ്യത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഞ്ചായത്ത് അംഗങ്ങൾ, വനം- കൃഷി വകുപ്പുകളിലെ ഫീൽഡ് സ്റ്റാഫ്, കർഷകർ തുടങ്ങിയവർക്ക് അടിസ്ഥാനപരമായ വിവരങ്ങൾ ലഭ്യമാക്കുക.



## VIII. കാവുകൾ

തന്ത്രം 22: കാവുകളുടെ സംരക്ഷണം

കർമ്മപദ്ധതി

22.1 കേരളത്തിലെ എല്ലാ കാവുകളുടെയും വിപുലമായ ഒരു സ്ഥിതി വിവരപട്ടികയും അതിൽനിന്ന് അടിയന്തിര സംരക്ഷണ പ്രവർത്തനം ആവശ്യമായവയുടെ പ്രത്യേക പട്ടികയും തയ്യാറാക്കുക.

22.2 ഓരോ കാവിലെയും ജൈവവൈവിധ്യ ഉള്ളടക്കം, വിസ്തീർണ്ണം, മനുഷ്യ ഇടപെടൽ, സംരക്ഷണം, ആവശ്യമുള്ള ഇനങ്ങൾ, പാരിസ്ഥിതിക നിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ എന്നിവ വിശകലനം ചെയ്യുക.

22.3 കാവുകളുടെ സംരക്ഷണം സംബന്ധിച്ച ഇന്നത്തെ അവസ്ഥയും ദീർഘകാലാടിസ്ഥാനത്തിലുള്ള സംരക്ഷണത്തിന് സഹായകരമായ നിർദ്ദേശങ്ങളും വിശകലനം ചെയ്യുക.

22.4 കാവ് സംരക്ഷിക്കുന്ന വസ്തു ഉടമകളെയും പ്രാദേശിക സമൂഹങ്ങളെയും അവരുടെ പ്രവർത്തനങ്ങളുടെ വ്യാപ്തി കണക്കിലെടുത്ത് പ്രോത്സാഹനങ്ങളും പുരസ്കാരങ്ങളും നൽകി ആദരിക്കുക.

## IX. വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം

തന്ത്രം 23: ജൈവവൈവിധ്യ സങ്കേതിക സഹായ സംഘങ്ങളും വർഗ്ഗീകരണ, സംരക്ഷണ വിദഗ്ദ്ധരുടെ ശൃംഖലയും രൂപവത്കരിക്കുക.

കർമ്മപദ്ധതി

23.1 സംസ്ഥാനത്ത് ജൈവവൈവിധ്യത്തിൽ വർഗ്ഗീകരണ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷണ

ശാലകൾ, സർവ്വകലാശാലകൾ, സന്നദ്ധസംഘടനകൾ, വിദഗ്ദ്ധ വ്യക്തികൾ എന്നിവരെ കണ്ടെത്തി ഒരു ഇൻസ്റ്റിറ്റ്യൂഷണൽ നെറ്റ് വർക്ക് സ്ഥാപിക്കുക.



23.2 കേരളത്തിലെ ജൈവവൈവിധ്യത്തിൽ അവഗാഹമുള്ള വ്യക്തികളുടേയും വർഗ്ഗീകരണ വിദഗ്ധരുടെയും ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കുക.

23.3 യഥാകാലം കുറവുകൾ കണ്ടെത്തി പരിഹരിക്കുകയും ഗവേഷണത്തിലെ മുൻഗണനകൾ നിശ്ചയിക്കുകയും ചെയ്യുക

23.4 അദ്ധ്യാപകർ, വിദ്യാർത്ഥികൾ, അമച്വർ ടാക്സോണമിസ്റ്റുകൾ എന്നിവർക്കു വേണ്ടി വർഗ്ഗീകരണത്തിൽ പഠനപരിശീലനപരിപാടികൾ സംഘടിപ്പിക്കുക.

23.5 ആവാസ വ്യവസ്ഥയിൽ സൂക്ഷ്മ ജീവികളുടെ (micro organisms) പങ്കിനേയും പ്രവർത്തനത്തെയും ആസ്പദമാക്കിയുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുക.

23.6 വർഗ്ഗീകരണം, ജൈവവൈവിധ്യം എന്നിവയെകുറിച്ചുള്ള ഹ്രസ്വകാല പരിശീലനപരിപാടികൾ, റിഫ്രഷർ കോഴ്സുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണകേന്ദ്രങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക.

23.7 സുസ്ഥിര വികസനത്തെക്കുറിച്ച് മാസ്റ്റേഴ്സ്/ ഡിപ്ലോമാ തലങ്ങളിൽ കോഴ്സുകൾ നടത്തുന്നതിന് സർവ്വകലാശാലകളെ പ്രോത്സാഹിപ്പിക്കുക.

23.8 ജൈവവൈവിധ്യത്തിന്റെ സുസ്ഥിര ഉപയോഗത്തെയും സംരക്ഷണത്തെയും കുറിച്ച് സർക്കാർ ഉദ്യോഗസ്ഥർ, നീതിന്യായ ഉദ്യോഗസ്ഥർ, നിയമ നിർമാതാക്കൾ, സ്ഥാപന മാനേജർമാർ തുടങ്ങിയവർക്കായി ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുക.

### തന്ത്രം 24: ജൈവവൈവിധ്യത്തിന്റെ സാമ്പത്തിക വിശകലനം നടത്തുന്നതിന് സ്ഥാപനങ്ങൾ രൂപവൽകരിക്കുക, ശക്തിപ്പെടുത്തുക.

#### കർമ്മപദ്ധതി

24.1 ജൈവവൈവിധ്യം പ്രദാനം ചെയ്യുന്ന വിലമതിക്കാവുന്നതും, വിലമതിക്കാനാവാത്തതുമായ സേവനങ്ങൾ കണക്കാക്കുന്നതിനുള്ള പഠനങ്ങളെ പ്രോത്സാഹിപ്പിക്കുക.

24.2 ജൈവവൈവിധ്യത്തിന്റെ സാമ്പത്തിക വിലയിരുത്തൽ സംബന്ധിച്ച പരിശീലനം ഏർപ്പെടുത്തുക.

24.3 ജൈവവൈവിധ്യത്തിന് പ്രാധാന്യം നൽകുന്ന ഇക്കോ എക്കണോമിക്സ് സംബന്ധിച്ച കോഴ്സുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാലകളെ സമീപിക്കുക.

### തന്ത്രം 25: പ്രത്യേക വിഭാഗങ്ങൾക്കുവേണ്ടി ജൈവവൈവിധ്യ പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.

#### കർമ്മപദ്ധതി

(i) ബോധവൽക്കരണം

25.1 സ്കൂൾ പാഠ്യപദ്ധതി മുഖേന ജൈവവൈവിധ്യ സംരക്ഷണവും പാരിസ്ഥിതിക ജൈവവൈവിധ്യ വിദ്യാഭ്യാസവും നടപ്പാക്കുന്നതിന് വിദ്യാഭ്യാസ, പരിസ്ഥിതി വകുപ്പുകളുടെ കീഴിൽ ഒരു കമ്മിറ്റി രൂപവൽക്കരിക്കുക.

25.2 ജൈവവൈവിധ്യത്തിന്റെ സുസ്ഥിര ഉപയോഗം, സംരക്ഷണത്തിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് വ്യത്യസ്ത ജനവി

ഭാഗങ്ങളിൽ ഔപചാരിക, അനൗപചാരിക രീതികളിൽ പരിസ്ഥിതി വിദ്യാഭ്യാസം വ്യാപകമാക്കുക.

25.3 വർഗ്ഗീകരണത്തിന്റെ തത്വങ്ങളും പ്രയോഗവും ഹൈസ്കൂൾ മുതൽ ബിരുദാനന്തരബിരുദം വരെയുള്ള നാല് തലങ്ങളിലെ സിലബസ്സുകളിൽ–സുവോളജി, ബോട്ടണി, പരിസ്ഥിതി ശാസ്ത്രം, ലൈഫ് സയൻസ് എന്നിവയിലും അനുബന്ധ വിഷയങ്ങളിലും–സന്നിവേശിപ്പിക്കുക.

25.4 ജൈവവൈവിധ്യ വിദ്യാഭ്യാസത്തിനും ബോധവൽക്കരണത്തിനുമുള്ള പഠനസാമഗ്രികൾ മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കുക. കേരളത്തിലെ ജൈവവൈവിധ്യത്തെക്കുറിച്ച് ഇന്ററാക്ടീവ് സി.ഡി നിർമ്മിക്കുക.

25.5 കേരളത്തിലെ സസ്യജന്തുവർഗ്ഗങ്ങളെ തിരിച്ചറിയുന്നതിനും പുനഃവർഗ്ഗീകരണത്തിനും ആവശ്യമായ ഫീൽഡ് ഗൈഡുകൾ, മാനുവൽസ് മോണോഗ്രാഫുകൾ, തുടങ്ങിയവ തയ്യാറാക്കുക.

25.6 ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനനുയോജ്യമായ രീതികളും മാർഗ്ഗങ്ങളും കണ്ടെത്തി വികസിപ്പിക്കുക.

25.7 വീടുകളിൽ ചെയ്യാവുന്ന മാലിന്യ പുനഃചംക്രമണം, മഴവെള്ള സംഭരണം, ജൈവകൃഷി, സുസ്ഥിര കൃഷിരീതികൾ, പാരമ്പര്യ ഭക്ഷണ സംസ്കരണ രീതികൾ, പരമ്പരാഗത ആരോഗ്യ ശീലങ്ങൾ, വീട്ടു വൈദ്യം, നാടൻ കലാരൂപങ്ങൾ എന്നിവയ്ക്ക് ജൈവവൈവിധ്യ സംരക്ഷണവുമായുള്ള അവിഭാജ്യ ബന്ധത്തെകുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുക.

25.8 സ്കൂളുകളിലെ ഇക്കോ ക്ലബുകളുടെ (National Green Corps) ശൃംഖല ശക്തിപ്പെടുത്തുക; കോളേജുകളിലെയും അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളിലേയും ജൈവവൈവിധ്യ പരിസ്ഥിതി സംഘടനകൾക്ക് സഹായം ലഭ്യമാക്കുക; തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അത്തരം സംഘടനകൾ ആരംഭിക്കുക.

25.9 പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ എന്നിവയുടെ ഡാറ്റാബേസ് തയ്യാറാക്കുക.

25.10 സന്നദ്ധസംഘടനകൾ, തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ, അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ജൈവവൈവിധ്യ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കം കുറിക്കുക.

25.11 കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ എന്നിവയെ ഉൾക്കൊള്ളിച്ച് ഗ്രാമീണ വനിതകൾക്ക് വേണ്ടി പ്രത്യേക ജൈവവൈവിധ്യ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

25.12 സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽ ജൈവവൈവിധ്യത്തെ കുറിച്ച് നിലവിലുള്ള ബോധനിലവാരം വിലയിരുത്തുന്നതിന് സർവ്വേ സംഘടിപ്പിക്കുക.

25.13 ജൈവവൈവിധ്യ സംരക്ഷണത്തിന് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രചരിപ്പിക്കുക.



25.14 എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, ഹോസ്പിറ്റാലിറ്റി (hospitality) ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പരിസ്ഥിതി, സുസ്ഥിര വികസനം തുടങ്ങിയ വിഷയങ്ങൾ സന്നിവേശിപ്പിക്കുക.

25.15 ജൈവവൈവിധ്യ ബോധവത്കരണത്തിന് ശ്രവ്യ, ദൃശ്യ, അച്ചടി മാധ്യമങ്ങളിലൂടെ ചിട്ടയായ പ്രചാരണ പ്രവർത്തനത്തിന് രൂപം നൽകുക.

25.16 തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സംസ്ഥാന, ജില്ലാതലങ്ങളിൽ ജൈവവൈവിധ്യ വ്യാപനകേന്ദ്രങ്ങൾ (interpretation centers) സ്ഥാപിക്കുക.

(ii) പരിശീലനം

25.17 ജൈവവൈവിധ്യത്തെ ആശ്രയിച്ച് കഴിയുന്ന സമൂഹങ്ങൾക്ക് സുസ്ഥിരമായ വിളവെടുപ്പ്, സംഭരണം, മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം, കാര്യക്ഷമമായ വിപണനം എന്നിവ സംബന്ധിച്ച് പഠനസാമഗ്രികളുടെ സഹായത്തോടെ പരിശീലനം നൽകുക.

25.18 പ്രകൃതി വിഭവങ്ങളുടെ പാരിസ്ഥിതികവും, സാമ്പത്തികവുമായ മൂല്യങ്ങളെപ്പറ്റി ശില്പശാലകളും പരിശീലനപരിപാടികളും വഴി നയരൂപീകരണ ശില്പികളിലും, സാധാരണ ജനങ്ങളിലും അവബോധം വളർത്തുക.

25.19 ജൈവവൈവിധ്യസംരക്ഷണത്തിന്റെ വിവിധ വശങ്ങൾ, വിഭവങ്ങൾ, സുസ്ഥിര ഉപയോഗം എന്നിവയെകുറിച്ച് സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങൾക്ക് പ്രായോഗിക പരിശീലനം നൽകുക.

25.20 ജൈവവൈവിധ്യ സംരക്ഷണത്തെകുറിച്ച് വിവിധ ജനവിഭാഗങ്ങൾക്ക് പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.

## X. പാരമ്പര്യ അറിവുകൾ, ബൗദ്ധിക സ്വത്തവകാശം, നേട്ടങ്ങൾ പങ്കുവെയ്ക്കൽ

### തന്ത്രം 26: ജൈവവൈവിധ്യത്തെകുറിച്ചുള്ള അറിവുകൾ വരുമാന ലബ്ധിക്കുള്ള ഉപാധിയായി ഉപയോഗിക്കുക.

#### കർമ്മപദ്ധതി

26.1 ജൈവവൈവിധ്യസംരക്ഷണം അവയുടെ സുസ്ഥിര ഉപയോഗം എന്നിവ സംബന്ധിച്ച പരമ്പരാഗത വിജ്ഞാനം ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ മുഖേന ഡോക്യുമെന്റ് ചെയ്യുക.

26.2 ജൈവവൈവിധ്യ കൺവെൻഷൻ പ്രകാരം നിലവിലുള്ള ബൗദ്ധിക സ്വത്തവകാശത്തെയും പാരമ്പര്യ വിജ്ഞാനം രേഖപ്പെടുത്തി വയ്ക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.



26.3 തദ്ദേശീയമായ അറിവുകളുടെ ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുന്നതിന് സംസ്ഥാനതലത്തിൽ നിയമ നിർമ്മാണം നടപ്പാക്കുക.

26.4 ഗോത്രവർഗ്ഗ മരുന്നുകളെയും അവയുടെ പ്രയോജന ത്തെയും കുറിച്ചുള്ള അവകാശങ്ങൾ ഡോക്യുമെന്റ് ചെയ്യു ന്നതിന് പ്രേരിപ്പിക്കുക.

26.5 പാരമ്പര്യ വിജ്ഞാനത്തിന്റെ പ്രയോഗം വ്യാപിപ്പിക്കുന്ന തിനും അതിന്റെ നേട്ടങ്ങൾ പങ്കിടുന്നതിനും കാര്യക്ഷമമായ ഡോക്യുമെന്റേഷൻ സംവിധാനം രൂപപ്പെടുത്തുക.

26.6 പാരമ്പര്യ വിജ്ഞാനത്തിൽ നിന്നുള്ള നേട്ടങ്ങൾ ഉറപ്പുവരു ത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നല്കുന്നതിനും പ്രാദേ ശിക സമൂഹങ്ങൾക്കും ജനങ്ങൾക്കും വേണ്ടി വാദിക്കുന്ന തിനും കേരളാ ജൈവവൈവിധ്യ ബോർഡിൽ ഒരു ഫെസി ലിറ്റേഷൻ സെന്റർ സ്ഥാപിക്കുക.

26.7 പാരമ്പര്യ സമ്പ്രദായങ്ങളിൽ നിന്ന് അർഹിക്കുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിന് പരമ്പരാഗത അറിവുകളെ സംരക്ഷിക്കു കയും കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊതു ജനങ്ങ ളിൽ അവബോധം സൃഷ്ടിക്കുക.

26.8 പാരമ്പര്യ വിജ്ഞാനത്തെയും സമ്പ്രദായങ്ങളെയും അംഗീ കരിക്കുകയും ജൈവവൈവിധ്യസംരക്ഷണം, പൊതു സ്വത്തു വിഭവങ്ങളുടെ (common property resources) മാനേ ജ്മെന്റ് എന്നിവയുമായി അവയെ സംയോജിപ്പിക്കുകയും ചെയ്യുക.

26.9 കാവുകൾ പോലുള്ള പരമ്പരാഗതവും മതപരവും ധാർമ്മി കവും സാംസ്കാരികവുമായ സംരക്ഷണരീതികൾ പരിര ക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

26.10 ജൈവവൈവിധ്യവും പാരമ്പര്യ വിജ്ഞാനവും കൂട്ടിയിണ ക്കിയുള്ള ഒരു സമഗ്ര പ്രാഥമികാരോഗ്യ സമീപനം രൂപപ്പെടു ത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

26.11 ജീവിതശൈലി, ആഹാരം, ഔഷധം, കരകൗശലം, നാടൻക ലകൾ തുടങ്ങി വൈവിധ്യമാർന്ന പാരമ്പര്യങ്ങളെ ഡോക്യു മെന്റ് ചെയ്ത് പ്രചരിക്കുക.

26.12 മുള, ഈറ, ചൂരൽ, കൈത തുടങ്ങിയ ജൈവവൈവിധ്യ ഉല്പന്നങ്ങൾ ഉപയോഗിച്ച് ഉപജീവനം തേടുന്ന കലാകാര ന്മാർക്കും തൊഴിലാളികൾക്കും ഡിസൈൻഡെവലപ്മെന്റ്, മാർക്കറ്റ് ഇൻഫർമേഷൻ, ഓർഗനൈസേഷണൽ അസി സ്റ്റൻസ്, ക്ഷേമ പദ്ധതികൾ തുടങ്ങിയവ വഴി പിന്തുണാ സംവിധാനം ലഭ്യമാക്കുക.

26.13 ജൈവവൈവിധ്യ ഉല്പന്നങ്ങൾ അനധികൃതമായി പുറ ത്തുള്ള അജ്ഞാത ഏജൻസികൾക്ക് കൈമാറുന്നതും കള്ളക്കടത്ത് നടത്തുന്നതും തടയുന്നതിന് നിയമ നിർമ്മാണം വഴി അസംസ്കൃത വസ്തു വിപണനം നിയ ന്ത്രണ വിധേയമാക്കുക.



## തന്ത്രം 27:കേരള ബയോഡൈവേഴ്സിറ്റി ഇൻഫർമേഷൻ സിസ്റ്റം (KBIS)

### കർമ്മപദ്ധതി

27.1 പൊതുജനങ്ങൾക്ക് പരിസ്ഥിതിയും ജൈവവൈവിധ്യവു മായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്കും, പരാതികൾക്കും

പരിഹാരം തേടുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുക. (ഓഫീസ് /പബ്ലിക് ഗ്രീവൻസ് വെബ്സൈറ്റ് / ഡയൽ ഇൻ സിസ്റ്റം)

27.2 ഒരു കേന്ദ്രീകൃത ഡേറ്റാ ബേസ് സംവിധാനം രൂപപ്പെടുത്തുന്നതിന് കേരളാ ബയോഡൈവേഴ്സിറ്റി ബോർഡ് മുൻകൈയ്യെടുക്കും. (ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ മുഖേന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങൾ സമാഹരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻസ്, കേരള വന ഗവേഷണ കേന്ദ്രം, സർവ്വകലാശാലകൾ, കോളേജുകൾ, വനം വന്യജീവി, പട്ടിക വർഗ്ഗവകുപ്പുകൾ തുടങ്ങിയ മറ്റു സ്ഥാപനങ്ങൾ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട് ശേഖരിച്ചിട്ടുള്ള വിവരങ്ങളും ഈ ആവശ്യത്തിനായി സമാഹരിക്കും. സമഗ്രമായ ഈ ജൈവവൈവിധ്യ രജിസ്റ്റർ കേരളത്തിന്റെ സമ്പൂർണ്ണവും കാര്യക്ഷമവുമായ ജൈവവൈവിധ്യത്തെകുറിച്ചുള്ള വിപുലമായ ഒരു സ്ഥിതി വിവരകണക്ക് പ്രദാനം ചെയ്യും.

27.3 കേരളത്തിന്റെ ജൈവവൈവിധ്യം സംബന്ധിച്ച് വിവിധ വകുപ്പുകളും, സർവ്വകലാശാലകളും, ഗവേഷണ കേന്ദ്രങ്ങളും, വ്യക്തികളും ആവശ്യപ്പെടുന്നവിവരങ്ങൾ പരമാവധി വേഗത്തിൽ നൽകുന്നതിന് സംവിധാനം ഒരുക്കും. ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയുടെ അനുവാദത്തോടെ മാത്രം സംരക്ഷിക്കപ്പെട്ടിട്ടുള്ള വിവരങ്ങൾ നിർദ്ദിഷ്ട ഫീസ് ഈടാക്കി ബോർഡ് ലഭ്യമാക്കുന്നതാണ്.

27.4 ഒരു നയമെന്നനിലയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ (Open Source Information Communication Technology) ആയിരിക്കും ഇതിനുപയോഗിക്കുക.

27.5 ഓരോ പഞ്ചായത്തിനും, മുനിസിപ്പാലിറ്റിക്കും, കോർപ്പറേഷനും, പ്രമുഖ ആവാസ വ്യവസ്ഥകൾക്കും ജൈവവൈവിധ്യ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തും.

27.6 പ്രധാനഘടകങ്ങൾ ഉൾപ്പെടുത്തിയുള്ള ജൈവവൈവിധ്യ അറ്റ്ലസ് ഇതിന്റെ മുന്നോടിയായി രൂപം കൊള്ളും. പക്ഷികളെകുറിച്ചുള്ള ഭൂപടമായിരിക്കും അഭിലഷണീയമായ തുടക്കം.

27.7 ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ, ഗവേഷണ പ്രോജക്ടുകൾ, ഗവേഷണ ഗ്രന്ഥങ്ങൾ, വർഗ്ഗീകരണ പുസ്തകങ്ങൾ എന്നിവയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ സംഗ്രഹിച്ച് കേരള ജൈവവൈവിധ്യ ബോർഡ് ആനുകാലികമായി സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

## XI. ജൈവവൈവിധ്യത്തിന് കോർപ്പസ്ഫണ്ട് രൂപികരണം

### തന്ത്രം 28: ജൈവവൈവിധ്യസംരക്ഷണപ്രവർത്തനങ്ങളുടെ സുസ്ഥിരത ഉറപ്പു വരുത്തുക

### കർമ്മപദ്ധതി

28.1 ജൈവവൈവിധ്യ ബോർഡ് രൂപം നൽകിയ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങൾ നിർവിഘ്നം നടത്തുന്നതിന് വേണ്ടി സർക്കാരിന്റെ പ്ലാൻ ഫണ്ടിനു പുറമെ വിവിധ ഡിപ്പാർട്ടുമെന്റുകളും, വികസനഏജൻസികളും കോർപ്പറേറ്റ് സ്ഥാപനങ്ങളും ചേർന്ന് ഒരു കോർപ്പസ് ഫണ്ട് രൂപവൽക്കരിക്കുന്നത് അഭികാമ്യമായിരിക്കും.

28.2 ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വർഷം തോറും നിശ്ചിത തുക നീക്കി വയ്ക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

